LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ മുഴുവൻ വിവരങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിന് സ്കൂൾതലംമുതൽ സംസ്ഥാനതലംവരെയുള്ള പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്നതിനും 'സമ്പൂർണ' എന്ന പേരിൽ ഒരു ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) വിദ്യാഭ്യാസവകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്ക് സ്കൂൾ കുട്ടികളുടെ വിശദാംശങ്ങൾ കൃത്യതയോടെയും വേഗത്തിലും ലഭ്യമാക്കുന്നതിനും വിവിധ പ്രവർത്തനങ്ങൾക്ക് ഡാറ്റ പൊതുവായി ഉപയോഗിക്കുന്നതിനും സൗകര്യമൊരുക്കുകയാണ് ഈ പദ്ധതികൊണ്ട് പ്രധാനമായി ലക്ഷ്യമിടുന്നത്.

(സി) സ്കൂളിൽ സൂക്ഷിക്കുന്ന അഡ്മിഷൻ രജിസ്റ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങളും വിദ്യാഭ്യാസവകുപ്പ് നടത്തുന്ന മേളകൾ, കലോത്സവങ്ങൾ, സ്കോളർഷിപ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കാവശ്യമായ വിവരങ്ങളുമാണ് സമ്പൂർണയിലൂടെ ശേഖരിക്കുന്നത്. ഒരു കുട്ടി സ്കൂളിൽ അഡ്മിഷൻ നേടുന്നതുമുതൽ സ്കൂളിൽനിന്നും വിട്ടുപോകുന്നതുവരെയുള്ള പ്രവർത്തനങ്ങളും പരീക്ഷ, പ്രോഗ്രസ് റിപ്പോർട്ട്, ക്ലാസ് പ്രമോഷൻ, വിടുതൽ സർട്ടിഫിക്കറ്റ് (ടി.സി.) തുടങ്ങിയ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനാണ് സൗകര്യമൊരുക്കിയിരിക്കുന്നത്.

വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം

47 (2538) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ, അടിമാലി സബ് ജില്ലകളിൽ മുസ്ലിം, ഒ.ബി.സി. എസ്. സി./ എസ്.ടി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ആയത് കൃത്യമായും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മുസ്ലിം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റ് പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്കോളർഷിപ്പിൽ എല്ലാ ജില്ലകളിലെയും കുട്ടികൾ ഉൾപ്പെടുന്നതാണ്.

(ബി) ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

എഞ്ചിനീയറിംഗ് പ്രവേശനയോഗ്യതയും മാർക്കിളവ് സമ്പ്രദായവും

48 (2539) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ മേഖലകളിലെ എഞ്ചിനീയറിംഗ് കോളേജുകൾ ഏതെല്ലാമെന്നും ഓരോ കോളേജിലും ഏതെല്ലാം ഐച്ഛിക വിഷയങ്ങൾക്ക് അനുമതിയുണ്ടെന്നും 2014-15 -ൽ ഓരോ ഐച്ഛിക വിഷയത്തിനുമായി എത്ര ബി.ടെക്./എം.ടെക്./മറ്റു വിഭാഗങ്ങൾളിൽ എത്ര സീറ്റുകൾ ഉണ്ടായിരുന്നുവെന്നും എത്ര സീറ്റുകളിൽ അഡ്മിഷൻ നടന്നുവെന്നും എത്ര സീറ്റുകൾ ഒഴിഞ്ഞുകിടന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) 2015-16 ഓരോ വിഭാഗത്തിലും എത്ര സീറ്റുകളിൽ അഡ്മിഷനായി അപേക്ഷക്ഷണിച്ചിട്ടുണ്ട് എന്നും, എത്ര കുട്ടികൾ എൻട്രൻസ് പരീക്ഷവഴി യോഗ്യതനേടി എന്നും 2014-15-നുശേഷം എത്ര സ്ഥാപനങ്ങൾക്ക് അനുമതി നൽകിയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly